## ‘പാരമ്പര്യത്തെക്കുറിച്ച് തർക്കം’

**കൈത്താക്കലം നാലാം ഞായർ**

**മർക്കോസ് 7: 1–13**

ആഗസ്റ്റ് 1

**Homily by Fr. Shijo Konuparambil. Fr. Konuparambil can be reached at shijokonu@gmail.com**

മതത്തിന്റെ പേരിൽ മനുഷ്യനെ മറക്കുന്ന ആദർശത്തിനെതിരെ യേശുവിന്റെ വിപ്ലവവീര്യം, അതാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാതൽ. ഞാൻ വന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് എന്ന് പറഞ്ഞ യേശുവിന്റെ മനുഷ്യദർശത്തിനെതിരായിരുന്നു അന്നത്തെ ഫരിസേയ മനോഭാവം.

എല്ലാ മതങ്ങളും ലക്ഷ്യം വയ്ക്കുന്നത് മനുഷ്യന്റെ ഉയർച്ചയും നന്മയുമാണ്. മതങ്ങൾ ഈശ്വരനിലേയ്ക്കടുപ്പിക്കുന്ന ചാനലുകളാണ്. അത് ജീവിതശൈലിയാണ്. ദൈവത്തിനെ കണ്ടെത്തുവാൻ മതം ഒത്തിരി പവിത്രമായ വഴികൾ നിർദ്ദേശിച്ചു. പക്ഷെ, പിന്നീട് ആ വഴികൾക്ക് പാരമ്പര്യത്തിന്റെ വേഷപ്പകർച്ച വന്നപ്പോൾ മതത്തിന്റെ യഥാർത്ഥഭാവങ്ങളായ സ്നേഹവും സഹിഷ്ണുതയും മാനവിക ഐക്യവും എവിടെയോ ചോർന്നുപോയി. ചില പാരമ്പര്യങ്ങളെ മാത്രം നിലനിർത്താൻ പാടുപെടുന്ന മതങ്ങളെ പിന്നീട് ചരിത്രം ദർശിച്ചു; കൂടെ മനുഷ്യത്വം മരവിച്ചു, മതങ്ങളിൽനിന്ന് അകലുന്ന മനുഷ്യരെയും.

ആരോഗ്യപരമായ കാരണങ്ങളാലായിരുന്നു പണ്ട് വീട്ടുമുറ്റത്ത് തുളസി നട്ടിരുന്നത്. പിന്നീട് അതിനെ സംരക്ഷിക്കാൻ ഇഷ്ടികവെച്ച് കെട്ടിപ്പൊക്കി. രാത്രി പ്രകാശത്തിനായി അവിടെ വിളക്ക് കത്തിക്കാൻ തുടങ്ങി. പിന്നീട് വീട്ടുമുറ്റത്ത് തുളസിത്തറ വേണമെന്നായി. തുളസിത്തറ ഇല്ലാതെ വിളക്ക് കത്തിക്കാൻ പറ്റില്ലെന്നായി. തുളസിത്തറ ഇല്ലാതെ രാമനാമം ജപിക്കാൻ പറ്റാത്ത അവസ്ഥയായി. ദിനപത്രം കിട്ടാതെ ദിവസം ആരംഭിക്കാൻ പറ്റാതെ വിഷമിക്കുന്ന വിദ്യാസമ്പന്നനായ മലയാളിയെപ്പോലെ.

വ്യവസ്ഥകളുടെ അതിപ്രസരണത്താൽ സ്നേഹവും മനുഷ്യത്വവും നഷ്ടപ്പെട്ട മതങ്ങൾക്കെതിരെയാണ് യേശുവിന്റെ ആക്രോശം. തുളസി, ചതുകുപ്പ എന്നിവയുടെ ദശാംശം കൊടുക്കുന്നതോടൊപ്പം തന്നെ നിങ്ങൾ ചെയ്യേണ്ട ഒരു കാര്യമുണ്ട്. അത് അപരനെ മനുഷ്യനായി കാണുക എന്നുള്ളതാണ്. അധരം കൊണ്ട് മാത്രം എന്നെ ബഹുമാനിക്കുന്ന ഒരു ജനതയെ എനിക്കാവശ്യമില്ല എന്ന് കർത്താവ് പറയുന്നു. കർത്താവേ, കർത്താവേ എന്ന് വിളിച്ചു പ്രാർത്ഥിക്കുകയും എന്നാൽ മാതാപിതാക്കന്മാരെ ബഹുമാനിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾ; അവർക്ക് നൽകാനുള്ളത് വഴിപാടായി നൽകിക്കഴിഞ്ഞു എന്ന് പറയുന്ന നിങ്ങളോട് എനിക്ക് വെറുപ്പാണ്. ദൈവത്തിന്റെ കൽപ്പന കാറ്റിൽപ്പറത്തിക്കൊണ്ട് പൂർവ്വികരുടെ പാരമ്പര്യത്തെ മാത്രം മുറുകെപ്പിടിക്കുന്ന നിങ്ങളെ ഞാനറിയുന്നില്ല എന്ന് കർത്താവ് പറയും.

ഇന്നത്തെ വചനം നമ്മെ ആത്മശോധനയിലേയ്ക്ക് നയിക്കണം. യേശു വചനത്തിലൂടെ പറയുന്നു. സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. എന്റെ ക്രിസ്തീയത മറ്റുള്ളവർക്ക് അവരുടെ മനുഷ്യത്വത്തിന്റെ വില കണ്ടത്താൻ സഹായിക്കുന്നുണ്ടോ? എന്റെ മതാത്മകത മറ്റുള്ളവരെ മനുഷ്യനായി പരിഗണിക്കുന്ന മതാത്മകതയാണോ?

ഒരിക്കൽ പീറ്റർ റെഡ്ഡി എന്നു പറയുന്ന മനുഷ്യൻ ഭാരതത്തിന്റെ വിവിധ ദേശങ്ങളിൽ ചുറ്റിസഞ്ചരിച്ചു. അദ്ദേഹം വലിയ ഒരു മനുഷ്യനായിരുന്നു. ഒരിക്കൽ അദ്ദേഹം ആശുപത്രിയിൽ ചികിത്സിക്കപ്പെടാനുള്ള സാഹചര്യമുണ്ടായി. ആശുപത്രി അധികൃതർ അദ്ദേഹത്തോട് വളരെ അപമര്യാദയായിട്ടാണ് പെരുമാറിയത്. അദ്ദേഹത്തിന് ശരിയായ ചികിത്സ നൽകിയില്ല. ആദ്ദേഹത്തിന് ശരിയായ കിടക്ക നൽകിയില്ല. പിറ്റേ ദിവസം അദ്ദേഹം ഇംഗ്ലീഷ് പത്രം വായിക്കുന്നത് കണ്ട് ആശ്ചര്യഭരിതരായ ആശുപത്രി അധികൃതർ അത് പീറ്റർ റെഡ്ഡി എം. എ ആണെന്ന് മനസ്സിലാക്കി അദ്ദേഹത്തെ ശ്രദ്ധാപൂർവ്വം പരിചരിക്കാൻ തുടങ്ങി. അദ്ദേഹത്തിന് നല്ല കിടക്ക കൊടുത്തു. എല്ലാം അദ്ദേഹം എം.എ ബിരുദധാരിയാണെന്ന പേരിൽ. അദ്ദേഹം പറഞ്ഞു പീറ്റർ റെഡ്ഡി M. A. മാത്രമല്ല അതിന്റെ അപ്പുറത്ത് ഒരു N കൂടി ചേർക്കണം. He is a MAN.

മനുഷ്യനെ ബഹുമാനിക്കുന്ന മതങ്ങളാണ് ആവശ്യം. മനുഷ്യനെ മനുഷ്യനായി കാണുന്ന ചിന്താധാരകളാണ് ആവശ്യം. യേശു അന്നത്തെ മനുഷ്യനെ അവന്റെ സാധ്യതകളിലേയ്ക്ക് വളർത്തിയതുപ്പോലെ, മനുഷ്യനെ അവന്റെ പൂർണ്ണതയിലേയ്ക്ക് വളർത്തുന്ന ദർശനങ്ങളാണ് ആവശ്യം. എല്ലാറ്റിലുമുപരി "പരസ്പരം സ്നേഹിക്കുക" എന്ന ജീവിതശൈലി പുലർത്തുന്നപ്രവർത്തനങ്ങളാകണം നമ്മുടെ ക്രിസ്തീയത. മനുഷ്യത്വത്തിനും സ്നേഹത്തിനും വലിയ വില നൽകുന്ന ജീവിതശൈലിയാകട്ടെ നമ്മുടെ മതാത്മകത. അങ്ങനെ, യഥാർത്ഥത്തിൽ മതങ്ങൾ നമുക്ക് ദൈവത്തെ കണ്ടെത്താനുള്ള കൈവഴികളാകട്ടെ.